**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **23-08-2022 - ൽ മറുപടിയ്ക്ക്**

**മണികണ്ഠൻചാൽ-വെള്ളാരമറ്റം റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളിൽ കോതമംഗലം മണ്ഡലത്തിൽ നിന്നുള്ള മണികണ്ഠൻചാൽ- വെള്ളാരമറ്റം റോഡ് ഉൾപ്പെട്ടിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം മുഖേനയാണ് പ്രവർത്തി നിർവഹിക്കുന്നത് |
| (സി) | പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 45,00,000/- രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് |
| (ഡി) | പ്രസ്തുത റോഡ് നിർമ്മാണപ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടി ചീഫ് എഞ്ചിനീയർ സ്വീകരിച്ചു വരുന്നു. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഭരണാനുമതി നൽകി പ്രവർത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ